(ബി) നിയമപരമായ ബാദ്ധ്യതകൾ നിറവേറ്റുന്ന എല്ലാ സ്ഥാപനങ്ങൾക്കും യഥാസമയം ലൈസൻസുകൾ പുതുക്കി നൽകുന്നുണ്ട്. 2005-2006-ൽ 57 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

(സി) കേരളത്തിൽ ആകെ 1131 ആയുർവേദ, സിദ്ധ, യുനാനി ഔഷധ നിർമ്മാണ സ്ഥാപനങ്ങൾ നിലവിലുണ്ട്. അതിൽ 293 എണ്ണത്തിന് ജി.എം.പി. സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

ആയുർവേദത്തിനായി കേന്ദ്ര സർക്കാർ പദ്ധതികൾ

71 [1781] *ശ്രീ. ബി. വിജയകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദത്തിനായി കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലുണ്ടോ;

(ബി) ഇക്കാര്യത്തിനായി കഴിഞ്ഞവർഷം അനുവദിച്ച ഫണ്ട് മുഴുവനും വിനിയോഗിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരമാവധി വിനിയോഗിച്ചിട്ടുണ്ട്.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ്

72 [1800] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പുലയനാർ കോട്ടയിൽ പ്രവർത്തിച്ചുവരുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ് എന്ന സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനത്തിന് ഇതേവരെ കേന്ദ്രത്തിൽ നിന്നും മറ്റ് ഏജൻസികളിൽനിന്നും എന്ത് തുക ലഭ്യമായിട്ടുണ്ട്;

(സി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് കേന്ദ്ര ധനസഹായമോ ലോകാരോഗ്യ സംഘടനയുടെ സഹായമോ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഡയബറ്റീസ് സംബന്ധിച്ച് ചികിത്സ, രോഗപ്രതിരോധം, അവബോധനം, ജീവിതചര്യ നിയന്ത്രണം തുടങ്ങിയ എല്ലാ വിഭാഗങ്ങളിലും ഗവേഷണം നടത്തുക, ചികിത്സകരായ ഡോക്ടർമാർക്കും ബന്ധപ്പെട്ടവർക്കും പ്രത്യേക പരിശീലനം

LIBRARY ARCHIVES Kerala Legislative Assembly